"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - ആലപ്പുഴ ജില്ലയിലെ മാന്നാർ നായർ സമാജം ബോയ്സ് എച്ച്.എസ്.എസ് ലെ ശ്രീമതി ശില്പ എസ് സമർപ്പിച്ച ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.10140/2025/GEDN തീയതി,തിരുവനന്തപുരം, 11-12-2025

---

പരാമർശം:-
1) ശ്രീമതി ശില്പ.എസ് സമർപ്പിച്ച ഹർജി.
2) മാവേലിക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 29.10.2025 തീയതിയിലെ ഡിഇഒഎംവികെ/1868/2025-ബി4 നമ്പർ കത്ത്.
3) ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടറുടെ 26.11.2025 ലെ ബി3/5525/2025 നമ്പർ കത്ത്.
4) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 26.11.2025 ലെ ഇസി1/20289/2025/ഡിജിഇ. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിലെ മാന്നാർ നായർ സമാജം ബോയ്സ് എച്ച്.എസ്.എസ് ലെ ശ്രീമതി ശില്പ.എസ് തന്റെ 01.06.2017 മുതലുള്ള യു.പി.എസ്.ടി തസ്തികയിലെ നിയമനം, മാന്നാർ നായർ സമാജം ഗേൾസ് എച്ച്.എസ് ലെ 01.06.2023 മുതലുള്ള എച്ച്.എസ്.ടി (ഇംഗ്ലീഷ്) തസ്തികയിലെ നിയമനം എന്നിവ അംഗീകരിക്കുന്നതിനായി പരാമർശം (1) പ്രകാരം സർക്കാരിൽ നിവേദനം സമർപ്പിക്കുകയുണ്ടായി. പ്രസ്തുത നിവേദനം വിശദമായി പരിശോധിക്കുന്നതിനായി ഹർജിക്കാരിയെയും മാനേജരെയും മറ്റ് ബന്ധപ്പെട്ട കക്ഷികളെയും 27.11.2025 ന് നേരിൽ കേൾക്കുകയുണ്ടായി.

2. ഹർജിക്കാരിയുടേയും മാനേജരുടേയും വാദങ്ങൾ ചുവടെ പറയും പ്രകാരമാണ്:-

"മാന്നാർ നായർ സമാജം ഗേൾസ് എച്ച്.എസ് ൽ 01.06.2016 മുതൽ ശ്രീമതി. ശില്പ.എസ് നെ എച്ച്.എസ്.ടി (ഇംഗ്ലീഷ്) തസ്തികയിൽ നിയമിക്കുകയും ആയത് 15.07.2016 മുതൽ തസ്തിക നിലനിന്ന 14.07.2017 വരെ ശമ്പളാടിസ്ഥാനത്തിൽ നോഷണലായി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് മാന്നാർ നായർ സമാജം ബോയ്സ് എച്ച്.എസ്.എസ് ൽ യു.പി.എസ്.റ്റി ആയിരുന്ന ശ്രീ. ജി. വിനോദ് കുമാറിന് എച്ച്.എസ്.റ്റി (പി.എസ്) തസ്തികയിൽ സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ ശ്രീമതി എസ്. ശിൽപയെ 01.06.2017 മുതൽ യു.പി.എസ്.ടി ആയി നിയമിക്കുയുണ്ടായി. ശ്രീ.ജി.വിനോദ് കുമാറിനെ സ്ഥാനക്കയറ്റം നൽകി നിയമിച്ചത് മാന്നാർ നായർ സമാജം ഗേൾസ് എച്ച്.എസ് ലെ എച്ച്.എസ്.ടി (പി.എസ്) ആയിരുന്ന ശ്രീ.ശ്രീകുമാർ ആർ. നെ അച്ചടക്ക നടപടിയുടെ ഭാഗമായി പിരിച്ചുവിട്ട ഒഴിവിലാണ്. ഇതിനെതിരെ ശ്രീ.ശ്രീകുമാർ.ആർ ഫയൽ ചെയ്ത

WP(C)No.33633/2018 ന്മേലുള്ള വിധിന്യായം നടപ്പിലാക്കി പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ച ഉത്തരവിൽ ശ്രീ. ആർ. ശ്രീകുമാറിനെതിരെ ചട്ട പ്രകാരമല്ലാതെ മാനേജർ സ്വീകരിച്ച അച്ചടക്ക നടപടി റദ്ദ് ചെയ്യും, ടിയാന്റെ സൂപ്പർ ആനുവേഷൻ തീയതി 31.05.2024 ആയതിനാൽ ടിയാനെതിരെ അടിയന്തിര അച്ചടക്ക നടപടി ആരംഭിച്ച് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടറെ ചുമതലപ്പെടുത്തിയും അച്ചടക്ക നടപടി പൂർത്തിയാകുന്ന മുറയ്ക്ക് ശ്രീ. ജി. വിനോദ് കുമാറിന്റെ നിയമനം സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം തുടർന്നു വരവെ, മാന്നാർ നായർ സമാജം ഗേൾസ് എച്ച്.എസ് ൽ എച്ച്.എസ്.ടി (ഇംഗ്ലീഷ്) ആയിരുന്ന ശ്രീ.ഹരികൃഷ്ണൻ.ജെ യ്ക്ക് സ്ഥാനക്കയറ്റം നൽകി നിയമിച്ച ഒഴിവിൽ യു.പി.എസ്.ടി ആയിരുന്ന ശ്രീമതി.ശില്പ.എസ് നെ 01.06.2023 മുതൽ സ്ഥാനക്കയറ്റം നൽകി ടി സ്കൂളിൽ എച്ച്.എസ്.ടി (ഇംഗ്ലീഷ്) ആയി നിയമിക്കുകയുണ്ടായി. എന്നാൽ, ടിയാളുടെ യു.പി.എസ്.ടി നിയമനം അംഗീകരിച്ചിട്ടില്ലാത്തതിനാൽ ചട്ടം 43 അവകാശിയല്ലാത്തതിനാലും, 15.07.2016 മുതൽ 14.07.2017 വരെ എച്ച്.എസ്.ടി (ഇംഗ്ലീഷ്) തസ്തികയിൽ നിയമനാംഗീകാരം ലഭിച്ചെങ്കിലും 51എ അവകാശിയല്ലാത്തതിനാലും ടി നിയമനവും നിരസിക്കുകയുണ്ടായി. പ്രൊമോട്ടിയായ ശ്രീ.ജി.വിനോദ്കുമാറിന്റെ നിയമനം അംഗീകരിക്കുന്നതിൽ നിലവിൽ തടസ്സമില്ലാത്തതിനാൽ, ശ്രീമതി ശില്പ എസ്. ന്റെ മാന്നാർ നായർ സമാജം ബോയ്സ് എച്ച്.എസ്.എസ് ലെ 01.06.2017 മുതലുള്ള യുപിഎസ്.ടി തസ്തികയിലെ നിയമനവും, മാന്നാർ നായർ സമാജം ഗേൾസ് എച്ച്.എസ് ലെ 01.06.2023 മുതലുള്ള എച്ച്എസ്.ടി (ഇംഗ്ലീഷ്) തസ്തികയിലെ നിയമനവും ശമ്പള സ്കെയിലിൽ സാമ്പത്തിക ആനുകൂല്യത്തോടെ അംഗീകരിച്ചു നൽകുന്നതിന് മാവേലിക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകണം."

3. വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകൾ പ്രകാരം മാന്നാർ നായർ സമാജം ബോയ്സ് സ്കൂളിലെ യു.പി.എസ്.റ്റി ആയിരുന്ന ശ്രീ. ജി. വിനോദ് കുമാറിന് എച്ച്.എസ്.റ്റി (പി.എസ്) തസ്തികയിൽ സ്ഥാനകയറ്റം നൽകിയ ഒഴിവിൽ ശ്രീമതി എസ്. ശിൽപയെ 01.06.2017 മുതൽ യു.പി.എസ്.ടി ആയി നിയമിച്ചു. പ്രൊമോട്ടിയുടെ സ്ഥാനക്കയറ്റ നിയമനം അംഗീകരിച്ചിട്ടില്ലാത്തതിനാൽ ഒഴിവ് ലഭ്യമല്ലാത്തതിനാലും, സീനിയർ നിയമനങ്ങൾ അംഗീകരിക്കാത്തതിനാലും നിയമനാംഗീകാരത്തിനാവശ്യമായ മറ്റ് രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടില്ലാത്തതിനാലും ഹർജിക്കാരിയുടെ നിയമനം നിരസിക്കുകയുണ്ടായി. പിന്നീട് 06.02.2021 ലെ സ.ഉ.(പി) നം.04/2021/പൊ.വി.വ പ്രകാരം, സീനിയർ നിയമനങ്ങൾ അംഗീകരിച്ച സാഹചര്യത്തിൽ ശ്രീമതി എസ്. ശില്പയുടെ 01.06.2017 മുതലുള്ള നിയമനാംഗീകാര അപേക്ഷ മാനേജർ ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ പുനഃസമർപ്പിച്ചെങ്കിലും, പ്രൊമോട്ടിയുടെ സ്ഥാനക്കയറ്റം അംഗീകരിച്ച് ഒഴിവു സ്ഥിരീകരിക്കാത്തതിനാലും, നിയമനവുമായി ബന്ധപ്പെട്ട രേഖകൾ സമർപ്പിക്കാത്തതിനാലും ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു നൽകിയിരുന്നു. തുടർന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച റിവിഷൻ അപ്പീൽ ശ്രീ ജി. വിനോദ് കുമാറിന്റെ സ്ഥാനക്കയറ്റ നിയമനം അംഗീകരിക്കുന്ന മുറയ്ക്കും ന്യൂനതകൾ ഇല്ലാതെ നിയമനാംഗീകാരത്തിന് ആവശ്യമായ രേഖകൾ സമർപ്പിക്കുന്ന മുറയ്ക്കും മറ്റു വിധത്തിൽ യോഗ്യമെങ്കിൽ പരിഗണിക്കാൻ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ഉത്തരവായിരുന്നു. ഈ അപ്പീൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ പുനഃപരിശോധിച്ചെങ്കിലും ശ്രീ.ജി.വിനോദ് കുമാറിന്റെ സ്ഥാനക്കയറ്റം അംഗീകരിച്ച് ഒഴിവ് സ്ഥിരീകരിച്ചിട്ടില്ലാത്തതിനാലും നിയമനാംഗീകാരത്തിന് ആവശ്യമായ രേഖകൾ ഹാജരാക്കാത്തതിനാലും നിയമനം വീണ്ടും ജില്ലാ

വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു നൽകിയിരുന്നു. ഇപ്രകാരം യു.പി.എസ്.ടി. തസ്തികയിൽ നിയമനാംഗീകാരമില്ലാതെ ജോലിയിൽ തുടരവെ മാന്നാർ നായർ സമാജം ഗേൾസ് ഹൈസ്കൂളിലെ എച്ച്.എസ്.റ്റി. (ഇംഗ്ലീഷ്) ശ്രീ.ജെ.ഹരികൃഷ്ണന്റെ 01.06.2023 മുതലുള്ള സ്ഥാനക്കയറ്റ ഒഴിവിൽ 01.06.2023 മുതൽ ശ്രീമതി.എസ്. ശിൽപയെ സ്ഥാനക്കയറ്റം നല്ലി മാനേജർ നിയമിച്ചു. ടിയാളുടെ 01.06.2017 മുതലുള്ള യു.പി.എസ്.ടി. നിയമനം അംഗീകരിക്കാത്ത സാഹചര്യത്തിൽ ടിയാളെ ചട്ടം 43 അവകാശിയായി കണക്കാക്കാൻ കഴിയാത്തതിനാൽ ടി നിയമനവും നിരസിച്ചിരുന്നു. മാന്നാർ നായർ സമാജം ഗേൾസ് ഹൈസ്കൂളിലെ എച്ച്.എസ്.റ്റി. (പി.എസ്) ശ്രീ ആർ. ശ്രീകുമാറിനെ 17.04.2017 പ്രാബല്യത്തിൽ സേവനത്തിൽ നിന്നും നീക്കം ചെയ്ത ഒഴിവിലാണ് മാനേജർ 01.06.2017 മുതൽ ശ്രീ ജി. വിനോദ് കുമാറിന് സ്ഥാനക്കയറ്റം നൽകി എച്ച്.എസ്.റ്റി. (പിഎസ്) തസ്തികയിൽ നിയമിച്ചിട്ടുള്ളത്. ആയതിനെതിരെ ശ്രീ. ആർ. ശ്രീകുമാർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)No.33633/2018 നമ്പറുള്ള 04.06.2025 തീയതിയിലെ വിധിന്യായ പ്രകാരം ടിയാൻ സമർപ്പിച്ച അപ്പീൽ അപേക്ഷ പൊതുവിദ്യാഭ്യാസ ഡയറക്ടർ പരിഗണിക്കുകയും ശ്രീ.ആർ. ശ്രീകുമാറിനെതിരെ ചട്ട പ്രകാരമല്ലാതെ മാനേജർ സ്വീകരിച്ച അച്ചടക്ക നടപടി റദ്ദ് ചെയ്യുകയും, ടിയാന്റെ സൂപ്പർ ആനുവേഷൻ തീയതി 31.05.2024 ആയതിനാൽ ടിയാനെതിരെ അടിയന്തിര അച്ചടക്ക നടപടി ആരംഭിച്ച് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടറെ ചുമതലപ്പെടുത്തിയും മേൽ അച്ചടക്ക നടപടി പൂർത്തിയാകുന്ന മുറയ്ക്ക് ശ്രീ.ജി.വിനോദ് കുമാറിന്റെ നിയമനം സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതിന് നിർദ്ദേശം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. മേൽ നിർദ്ദേശ പ്രകാരം ശ്രീ. ആർ ശ്രീകുമാറിനെതിരെയുള്ള ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരികയാണെന്ന് വിദ്യാഭ്യാസ ഉപഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ, ശ്രീ.ആർ.ശ്രീകുമാറിനെതിരായ അച്ചടക്ക നടപടി പൂർത്തിയാകുകയും ടിയാനെ സേവനത്തിൽ നിന്നും നീക്കം ചെയ്ത ഒഴിവിലുള്ള ശ്രീ. ജി. വിനോദ്കുമാറിന്റെ 01.06.2017 മുതലുള്ള എച്ച്.എസ്.ടി. (പിഎസ്) സ്ഥാനക്കയറ്റം അംഗീകരിച്ചാൽ മാത്രമേ ടി ഒഴിവിലുള്ള ശ്രീമതി എസ്.ശിൽപയുടെ 01.06.2017 മുതലുള്ള യു.പി.എസ്.ടി. നിയമനവും തുടർന്നുള്ള 01.06.2023 മുതലുള്ള എച്ച്.എസ്.റ്റി. (ഇംഗ്ലീഷ്) തസ്തികയിലെ സ്ഥാനക്കയറ്റ നിയമനവും പരിഗണിക്കുവാൻ കഴിയുകയുള്ളൂ. ശ്രീമതി ശിൽപയ്ക്ക് 15.07.2016 മുതൽ 14.07.2017 വരെ എച്ച്.എസ്.റ്റി. (ഇംഗ്ലീഷ്) തസ്തികയിൽ അംഗീകൃത നിയമനമുണ്ടെങ്കിലും ടിയാളെ ചട്ടം 51എ അവകാശിയായി കണക്കാക്കാൻ കഴിയുകയില്ല.

4. ഹിയറിംഗിൽ ഉയർന്ന വാദഗതികളുടേയും ലഭ്യമായ റിപ്പോർട്ടുകളുടേയും നിലവിലുള്ള ചട്ടങ്ങളുടേയും ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ ഹർജിക്കാരുടെ ആവശ്യം സർക്കാർ വിശദമായി പരിശോധിച്ചു. മാന്നാർ നായർ സമാജം ബോയ്സ് എച്ച്.എസ്.എസ് ൽ യു.പി.എസ്.റ്റി ആയിരുന്ന ശ്രീ. ജി. വിനോദ് കുമാറിന് എച്ച്.എസ്.റ്റി (പി.എസ്) തസ്തികയിൽ സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ ശ്രീമതി എസ്. ശിൽപയെ 01.06.2017 മുതൽ യു.പി.എസ്.ടി ആയി നിയമിച്ചു. മാന്നാർ നായർ സമാജം ഗേൾസ് എച്ച്.എസ് ലെ എച്ച്.എസ്.ടി (പി.എസ്) ആയിരുന്ന ശ്രീ.ശ്രീകുമാർ ആർ. നെ അച്ചടക്ക നടപടിയുടെ ഭാഗമായി പിരിച്ചുവിട്ട ഒഴിവിലാണ് ശ്രീ.ജി.വിനോദ് കുമാറിനെ സ്ഥാനക്കയറ്റം നൽകി നിയമിച്ചത്. ശ്രീ. ആർ. ശ്രീകുമാർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)No.33633/2018 നമ്പറുള്ള 04.06.2025 തീയതിയിലെ വിധിന്യായ പ്രകാരം ടിയാൻ സമർപ്പിച്ച അപ്പീൽ അപേക്ഷ പൊതുവിദ്യാഭ്യാസ ഡയറക്ടർ പരിഗണിക്കുകയും ശ്രീ.ആർ. ശ്രീകുമാറിനെതിരെ ചട്ട പ്രകാരമല്ലാതെ മാനേജർ സ്വീകരിച്ച അച്ചടക്ക നടപടി റദ്ദ് ചെയ്യുകയും,

ടിയാന്റെ സൂപ്പർ ആനുവേഷൻ തീയതി 31.05.2024 ആയതിനാൽ ടിയാനെതിരെ അടിയന്തിര അച്ചടക്ക നടപടി ആരംഭിച്ച് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടറെ ചുമതലപ്പെടുത്തിയും മേൽ അച്ചടക്ക നടപടി പൂർത്തിയാകുന്ന മുറയ്ക്ക് ശ്രീ.ജി.വിനോദ് കുമാറിന്റെ നിയമനം സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതിന് നിർദ്ദേശം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ആർ ശ്രീകുമാറിനെതിരെയുള്ള ചട്ട പ്രകാരമുള്ള നടപടികൾ വിദ്യാഭ്യാസ ഉപഡയറക്ടർ സ്വീകരിച്ചു വരുന്നു. ശ്രീ.ജി.വിനോദ് കുമാറിന്റെ നിയമനം അംഗീകരിക്കാത്തതിനാലും നിയമനവുമായി ബന്ധപ്പെട്ട രേഖകൾ സമർപ്പിക്കാത്തതിനാലും ശ്രീമതി ശിൽപ്പയുടെ നിയമനം അംഗീകരിച്ചിട്ടില്ല. ഇപ്രകാരം യു.പി.എസ്.ടി. തസ്തികയിൽ നിയമനാംഗീകാരമില്ലാതെ തുടരവെ മാന്നാർ നായർ സമാജം ഗേൾസ് ഹൈസ്കൂളിലെ എച്ച്.എസ്.റ്റി. (ഇംഗ്ലീഷ്) ശ്രീ.ജെ. ഹരികൃഷ്ണന്റെ 01.06.2023 മുതലുള്ള സ്ഥാനക്കയറ്റ ഒഴിവിൽ 01.06.2023 മുതൽ ശ്രീമതി.എസ്. ശിൽപയെ സ്ഥാനക്കയറ്റം നല്കി മാനേജർ നിയമിച്ചു. ടിയാളുടെ 01.06.2017 മുതലുള്ള യു.പി.എസ്.ടി. നിയമനം അംഗീകരിക്കാത്ത സാഹചര്യത്തിൽ ടിയാളെ ചട്ടം 43 അവകാശിയായി കണക്കാക്കാൻ കഴിയാത്തതിനാൽ ടി നിയമനവും അംഗീകരിച്ചിട്ടില്ല. ഇക്കാരണത്താൽ ശ്രീമതി എസ്.ശിൽപ പത്ത് വർഷത്തോളമായി അംഗീകാരമോ ശമ്പളമോ ഇല്ലാതെ തുടർച്ചയായി സേവനമനുഷ്ഠിച്ചു വരികയാണ്.

5. മേൽ സാഹചര്യത്തിൽ, ശ്രീ. ആർ. ശ്രീകുമാറിനെതിരായ അച്ചടക്ക നടപടി അടിയന്തരമായി പൂർത്തിയാക്കുന്നതിന് ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നൽ കിയും, അച്ചടക്ക നടപടി പൂർത്തിയാകുന്ന മുറയ്ക്ക് ശ്രീ. ജി. വിനോദ്കുമാറിന്റെ 01.06.2017 മുതലുള്ള എച്ച്.എസ്.ടി (പിഎസ്) തസ്തികയിലെ തസ്തികമാറ്റ നിയമനവും തുടർന്ന് മറ്റെല്ലാ വിധത്തിലും ക്രമപ്രകാരമെങ്കിൽ ശ്രീമതി ശിൽപ എസ് ന്റെ 01.06.2017 മുതലുള്ള യു.പി.എസ്.ടി നിയമനവും തുടർന്ന് 01.06.2023 മുതലുള്ള എച്ച്.എസ്.റ്റി (ഇംഗ്ലീഷ്) തസ്തികയിലെ നിയമനവും അംഗീകരിക്കുന്നതിന് മാവേലിക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിയും, മേൽ നടപടികളിൽ എന്തെങ്കിലും കാലതാമസം ഉണ്ടാകുന്ന സാഹചര്യത്തിൽ 01.06.2023 മുതലുള്ള എച്ച്.എസ്.റ്റി (ഇംഗ്ലീഷ്) തസ്തികയിലെ നിയമനം പുതിയ നിയമനമായി കണക്കാക്കി മാനേജർ പ്രൊപ്പോസൽ സമർപ്പിക്കുന്നപക്ഷം മറ്റെല്ലാ വിധത്തിലും ക്രമപ്രകാരമെങ്കിൽ ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട വ്യവസ്ഥകൾക്ക് വിധേയമായി ദിവസവേതനാടിസ്ഥാനത്തിൽ താല്ക്കാലികമായി അംഗീകരിക്കുന്നതിന് മാവേലിക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിയും പരാമർശം (1) ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ANIL KUMAR D
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, ആലപ്പുഴ
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മാവേലിക്കര
മാനേജർ, നായർ സമാജം സ്കൂൾസ്, മാന്നാർ, ആലപ്പുഴ.
ശ്രീമതി ശില്ല.എസ്; എച്ച്.എസ്ടി (ഇംഗ്ലീഷ്, നായർ സമാജം ഗേൾസ് HS, മാന്നാർ, ആലപ്പുഴ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
നോഡൽ ഓഫീസർ, കൈറ്റ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Shajahan. S
Date: 15-12-2025 09:34:35

സെക്ഷൻ ഓഫീസർ